"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കെ അന്തരിച്ച സന്തോഷ്.വി യുടെ ഭാര്യ ശ്രീമതി. ദിവ്യ.സി.എസ് ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.5/2024/F&WLD തീയതി,തിരുവനന്തപുരം, 13-02-2024.

---

പരാമർശം:-

1. സ.ഉ.(പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീമതി. ദിവ്യ.സി.എസ്, ചാത്തൻപറമ്പ് ഹൗസ്, ചേലൂർ, കാട്ടിക്കുളം പി.ഒ, വയനാട്- 670 646 സമർപ്പിച്ച 07.03.2022 തീയതിയിലെ അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 05.10.2022, 18.01.2024 തീയതികളിലെ ഇ6/1482/2022 നമ്പർ കത്തുകൾ.
4. വയനാട് ജില്ലാ കളക്ടറുടെ 20.02.2023 തീയതിയിലെ DCWYD/7722/2022-A8 നമ്പർ കത്തും അനുബന്ധരേഖകളും.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിലുള്ള മാനന്തവാടി റേഞ്ചിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കെ 10.07.2021 ൽ മരണപ്പെട്ട സന്തോഷ്.വി യുടെ ഭാര്യ ശ്രീമതി. ദിവ്യ.സി.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) ലെ 05.10.2022 ലെ കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം വയനാട് ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. മാനന്തവാടി തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികൾ ഭാര്യ ശ്രീമതി. ദിവ്യ.സി.എസ്, മകൻ ശ്രീ.വൈശാഖ്.സി.എസ്, ശ്രീ.വിനായക്.സി.എസ്, മാതാവ് ശ്രീമതി. ഗൗരി എന്നിവരാണ്. മറ്റ് അവകാശികൾ അപേക്ഷകയ്ക്ക് ആശ്രിതനിയമനം നൽകുന്നതിന് സമ്മത മൊഴി നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനത്തീയതി 10.01.1986 ആണ്. ടിയാൾക്ക് 38 വയസ്സ് പൂർത്തിയായിട്ടുള്ളതും പ്ലസ് ടു പാസ്സായിട്ടുള്ളതുമാണ്. ടിയാളുടെ കുടുംബ വാർഷിക വരുമാനം

36,000/-രൂപയാണെന്ന് തൃശ്ശിലേരി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. വയനാട് ജില്ലയിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ക്ലർക്ക് തസ്തികയിലേയ്ക്കാണ് ശ്രീമതി. ദിവ്യസി.എസ് അപേക്ഷ സമർപ്പിച്ചിരുന്നത്. എന്നാൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതി നാവശ്യമായ ഉയരം ടിയാൾക്ക് ഇല്ലാത്തതിനാൽ ടിയാളെ ക്ലർക്ക് തസ്തികയിൽ പരിഗണിക്കാവുന്നതാണെന്ന് പരാമർശം (3) ലെ 18.01.2024 ലെ കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിക്കുകയുണ്ടായി.

4. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിലുള്ള മാനന്തവാടി റേഞ്ചിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കെ 10.07.2021 ൽ മരണപ്പെട്ട സന്തോഷ്.വി യുടെ ഭാര്യ ശ്രീമതി. ദിവ്യ.സി.എസ് ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, സീനിയോറിറ്റി സംബന്ധിച്ച ചട്ടങ്ങൾക്കും വിധേയമായി, വനം വന്യജീവി വകുപ്പിൽ, വയനാട് ജില്ലയിൽ 26500-60700/- രൂപ ശമ്പള സ്കെയിലിൽ, ക്ലർക്ക് തസ്തികയിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്. അപേക്ഷക ഏതെങ്കിലും വസ്തുതകൾ മനഃപൂർവം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സീത എസ് ലക്ഷ്മി

അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ജില്ലാ കളക്ടർ, വയനാട്.

ശ്രീമതി. ദിവ്യ.സി.എസ്, ചാത്തൻപറമ്പ് ഹൗസ്, ചേലൂർ, കാട്ടിക്കുളം പി.ഒ, വയനാട്- 670 646. (രജിസ്റ്റേർഡ് തപാൽ മടക്കരസീത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Nousheed S ഓഫീസർ.

Date: 14-02-2024 10:33:16